# ബി ഐ ജി എച്ച് എസ് പള്ളം

## അക്കാദമിക മാസ്റ്റർപ്ലാൻ

2025

# ആമുഖം

കോട്ടയം ജില്ലയിലെ കോട്ടയം വിദ്യാഭ്യാസ ജില്ലയിൽ കോട്ടയം ഈസ്റ്റ് ഉപജില്ലയിലെ നാട്ടകം പ്രദേശത്തെ പള്ളം സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് ബുക്കാനൻ ഇൻസ്ററിററ്യൂഷൻ ഫോർ ഗേൾസ് ഹൈസ്കൂൾ. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച് 1891 ൽ സ്ഥാപിതമായ ഈ വിദ്യാലയം പെൺകുട്ടികളുടെ ഉന്നമനത്തിനായ് ഇന്നും നിലകൊള്ളുന്നു. കോട്ടയം നഗരസഭയിൽ നാട്ടകം പ്രദേശത്തെ മികച്ച സ്കൂളായി നിലകൊളളുകയാണ് ബുക്കാനൻ ഗേൾസ് ഹൈസ്കൂൾ.
വിദ്യാഭ്യാസം എന്നാൽ ഒരേസമയം വിജ്ഞാന സമ്പാദനവും ശീലങ്ങളുടേയും മനോഭാവങ്ങളുടെയും നൈപുണികളുടേയും വികസനം കൂടി ചേർന്ന താണ് ഇത് രണ്ടും സാക്ഷാത്കരിക്കുമ്പോഴാണ് ഒരു വ്യക്തിക്ക് പൂർണവും അർത്ഥവത്തുമായ ജീവിതം നയിക്കാൻ ആവുക. വൈവിധ്യമാർന്ന ജീവിത അനുഭവങ്ങളിലൂടെ തന്റെ ഉള്ളിലുള്ളതെല്ലാം പരമാവധി പുറത്തേക്ക് കൊണ്ടുവന്ന് വികസനം കൈവരിക്കാൻ വ്യക്തിയെ പരിശീലിപ്പിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. പാഠ്യപദ്ധതി ലക്ഷ്യങ്ങൾക്ക് അനുസരണമായി ജീവിത ലക്ഷ്യങ്ങളും അവയെ സ്വാധീനിക്കുന്ന ദർശനങ്ങളും വിദ്യാലയങ്ങളിൽ സജീവമായിരിക്കണം നമ്മുടെ വിദ്യാലയം മൗലികമായ ആവശ്യങ്ങൾക്ക് അനുസരണമായി സമൂഹത്തിന്റെ ചിന്താധാരയ്ക്ക് അനുഗുണമായ സ്വാർത്ഥകമായ വളർച്ചയ്ക്ക് ഇണങ്ങുന്ന വിധത്തിൽ വളരുന്നതിന് അനുരൂപങ്ങളായ പദ്ധതികളും നിർദ്ദേശങ്ങളും മുന്നോട്ടുവെക്കേണ്ടതുണ്ട് അത്തരത്തിലുള്ള ചില ചൂടുവെപ്പുകൾ ആണ് നിർദ്ദേശിക്കുന്നത് .

# ചരിത്രം

ബുക്കാനൻ സ്കൂളിന്റെ ചരിത്രം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രം കൂടിയാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ആരംഭത്തിൽ തിരുവിതാംകൂറിലെ ബ്രിട്ടീഷ് പ്രസിഡൻറ് ആയിരുന്ന കേണൽ മൺറോയുടെ ആവശ്യപ്രകാരം ഇവിടുത്തെ സുറിയാനി സഭയുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫോർട്ട് വില്യം കോളേജ് പ്രിൻസിപ്പൽ ആയിരുന്ന റവ.ഡോ.ക്ലോഡിയസ് ബുക്കാനൻ കേരളത്തിലെത്തി. അദ്ദേഹത്തിന്റെ "ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ" എന്ന ഗ്രന്ഥത്തിലെ നിർദ്ദേശങ്ങൾ ചര്ച്ച് മിഷന് സൊസൈറ്റിയുടെ ശ്രദ്ധ പിടിച്ചുപറ്റി. അപകടത്തിൽ ആയിരിക്കുന്ന സുറിയാനി സഭയെ നവീകരിക്കാൻ സഹായം ആവശ്യമാണെന്നും ബൈബിൾ മലയാളഭാഷയിൽ അച്ചടിക്കണമെന്നും സാധാരണക്കാർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും അദ്ദേഹം റിപ്പോർട്ട് ചെയ്തു. ഈ റിപ്പോർട്ട് അടിസ്ഥാനത്തിലാണ് മിഷനറിമാർ കേരളത്തിൽ എത്തിയത്. 1816 ൽ വന്ന ആദ്യ മിഷനറി റവ. തോമസ് നോർട്ടൺ ആലപ്പുഴയും പിന്നാലെയെത്തിയ റവ റവ. ഹെൻറി ബേക്കർ സീനിയർ കോട്ടയവും റവ ജോസഫ് പീറ്റ് മാവേലിക്കരയും തങ്ങളുടെ ആസ്ഥാനങ്ങൾ ആയി തിരഞ്ഞെടുത്തു. വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നതാണ് മിഷനറിമാർ നടത്തിയ ആദ്യ കാൽവെപ്പ് .കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിച്ച് ഹെൻടി ബേക്കർ സീനിയർ കോട്ടയം, പള്ളം, കൊച്ചി തുടങ്ങി നാൽപതോളം സ്ഥലങ്ങളിൽ പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ ആരംഭിച്ചു . 1839 ൽ റവ.ഹെൻറി ബേക്കർ സീനിയർ പള്ളത്ത് ഒരു സ്കൂൾ ആരംഭിച്ചു. അക്കാലത്തെ കേരളത്തിലെ സാമൂഹ്യസ്ഥിതി വളരെ പരിതാപകരമായിരുന്നു. തീണ്ടൽ, തൊടീൽ, അടിമത്തം ഇവ കൊടികുത്തി വാണിരുന്നു. ഉന്നതകുലജാതർക്ക് മാത്രമുള്ളതായിരുന്നു വിദ്യാഭ്യാസം. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്നു. 12 വയസ്സിന് മുൻപേ വിവാഹിതരായി ഭർത്താവിൻറെ വീട്ടിൽ അടിമകളെപ്പോലെ പണിയെടുക്കാൻ വിധിക്കപ്പെട്ടവരായിരുന്നു അന്നത്തെ സ്ത്രീകൾ . സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകേണ്ടത്

അത്യന്താപേക്ഷിതമാണെന്ന് മിഷണറിമാർ കരുതി. നല്ല അമ്മമാരും ഭാര്യമാരും മരുമകളുമായി തീരുവാൻ മാത്രമല്ല പുരുഷന് തുല്യമായ പദവി ലഭിക്കണമെങ്കിലും വരുംതലമുറയെ നല്ലരീതിയിൽ വാർത്തെടുക്കണമെങ്കിലും സ്ത്രീക്ക് വിദ്യാഭ്യാസം കൊണ്ടേ സാധിക്കൂ എന്ന് അവർക്ക് അറിയാമായിരുന്നു . ഇംഗ്ലീഷ് , മലയാളം, കണക്ക് ,തയ്യൽ ഇവ പഠിപ്പിച്ചുകൊണ്ട് സ്ത്രീ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു 1844 ൽ മിസസ് ഹെൻറി ബേക്കർ പെൺകുട്ടികൾക്കായി പള്ളത്ത് ഗേള്സ് ബോർഡിംഗ് സ്കൂൾ ആരംഭിച്ചു. ഇവിടെ 60 ബോർഡിംഗ് വിദ്യാർത്ഥിനികളും ദിവസവും വന്നു പോകുന്ന ഇരുപത്തിയഞ്ച് പെൺകുട്ടികളും ഉണ്ടായിരുന്നു. പിന്നീട് ഈ സ്ഥാപനം മിസസ് ഹെന്റി ബേക്കർ സീനിയർ കോട്ടയത്ത് നടത്തിയിരുന്ന സ്കൂളുകളുമായി ലയിപ്പിച്ചു പള്ളം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന റവ ഹെൻടി ബേക്കർ ജൂനിയറിന്റെ ഭാര്യ ഫ്രാൻസിസ് എ കിച്ചൻ എന്ന മിഷനറി വനിത 1844 ൽ പള്ളത്തെ ബംഗ്ലാവിൽ എട്ടു പെൺകുട്ടികളുമായി ആരംഭിച്ച സ്കൂളാണ് ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ആയി വളർന്നത് . കുട്ടികൾ മുടങ്ങാതെ ക്ലാസ്സിൽ എത്തണം എന്ന ഉദ്ദേശത്തിൽ സ്കൂളിനോട് ചേർന്ന് 1871 ൽ ബോർഡിംഗ് ആരംഭിച്ചു. 1890 ആയപ്പോഴേക്കും ഒന്നു മുതൽ 7 വരെ ക്ലാസ്സുകൾ ഉള്ള ലോവർ സെക്കൻഡറി സ്കൂൾ ആയി ഇത് പരിണമിച്ചിരുന്നു. ഈ കാലഘട്ടങ്ങളിലെല്ലാം മിഷനറിമാർ നേരിട്ടിരുന്ന പ്രശ്നമായിരുന്നു സ്കൂൾ മിസ്ട്രസ്സുമ്മാരുടെ കുറവ്. പെൺകുട്ടികളെ പഠിപ്പിക്കുവാൻ ദൈവവിചാരവും ട്രെയിനിംഗും ഉള്ള അദ്ധ്യാപികമാർ അത്യാവശ്യമായിരുന്നു. ഈ ആവശ്യങ്ങൾ അറിഞ്ഞ് 1872 ൽ മിസ് എലിസ ഉസ് ബോൺ 2000 പൗണ്ട് സംഭാവനയായി ചർച്ച് സൊസൈറ്റിക്കു നൽകി. തിരുവിതാംകൂറിൽ ഒരു ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുന്നതിനായിരുന്നു ഈ സംഭാവന. ഇതിൻപ്രകാരം ചർച്ച് മിഷൻ സൊസൈറ്റിയുടെ കമ്മറ്റി പള്ളത്ത് പെൺകുട്ടികൾക്കായുള്ള ഒരു ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചു. 1872 ൽ ട്രയിനിംഗ് സ്കൂൾ സ്ഥാപിച്ചു. ഈ സ്ഥാപനം ബി. ഐ. റ്റി. റ്റി. ഐ എന്ന പേരിൽ പ്രവർത്തിക്കുന്നു. 1888-ൽ മിസസ് ഹെന്റി ബേക്കർ സീനിയർ മൃതിയടഞ്ഞതോടെ റവ. എ എഫ് പെയിന്റർ എന്ന മിഷനറിയുടെ ഭാര്യ മിസസ് പെയിന്റർ പള്ളത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ തുടങ്ങി. കേരളത്തിൽ സി.എം. എസ്സിന്റെ നേതൃത്വത്തിൽ സ്കൂളുകൾ ആരംഭിക്കുവാൻ കാരണക്കാരനായ റവ. ഡോ. ക്ലോഡിയസ് ബുക്കാനന്റെ ഓർമ്മയ്ക്കായി ഈ സ്ഥാപനത്തിന് ' ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ ' എന്നു പേരിടാൻ ധാരണയായി. അങ്ങനെ മിസസ് പെയിന്ററുടെ സ്കൂൾ കേന്ദ്രീകരിച്ച് 1891 ൽ റവ. എ .എച്ച് .ലാഷ് , ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷൻ തുറന്നു. ചർച്ച് മിഷൻ സൊസൈറ്റിയുടെ സ്കൂളുകളിലേക്കു വേണ്ട ക്രിസ്ത്യൻ അധ്യാപികമാരെ പരിശീലിപ്പിക്കുന്നതിനുള്ള എലിമെന്ററി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളും 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള ഹയർ സെക്കന്ററി സ്കൂളും ഈ സമുച്ചയത്തിൽ ഉൾപ്പെടുന്നു. മിസസ് പെയിന്റർ 1891 ൽ തന്നെ ഈ സ്കൂൾ റവ. ലാഷിന്റെ ഭാര്യ മിസസ് ലാഷിനു കൈമാറി. ഇക്കാലഘട്ടത്തിൽ ബുക്കാനൻ ഇൻസ്റ്റിറ്റൂഷന്റെ ഭാഗമായ സ്കൂളിനു വേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചു. 1892 ബുക്കാനൻ ഇൻസ്റ്റിറ്റ്യൂഷന് മദ്രാസ് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിക്കുകയും 1892 നവംബർ 25 ന് അന്നത്തെ മഹായിടവക ബിഷപ്പ് ഹോഡ്ജ് സ്കൂൾ മന്ദിരം പ്രാർത്ഥിച്ചു പ്രതിഷ്ഠിക്കുകയും ചെയ്തു. സ്കൂളിൽ 130 പെൺകുട്ടികൾ ഉണ്ടായിരുന്നു. ഇവരിൽ 90 പേർ ബോർഡിംഗിൽ താമസിച്ചുപഠിക്കുകയായിരുന്നു. 97 ആൺകുട്ടികളും 245 പെൺകുട്ടികളും അടങ്ങുന്ന 8 ബ്രാഞ്ച് സ്കൂളുകൾ ഈ സ്ഥാപനത്തിനുണ്ടായിരുന്നു. റീഡിംഗ്, റൈറ്റിംഗ്, അരിത്തമെറ്റിക്ക്, ജോഗ്രഫി, ഡിക്ടേഷൻ തുടങ്ങിയവ ഇവിടെ പഠിപ്പിച്ചു പോന്നു. മിസസ് ലാഷിന്റെ മരണശേഷം മിസസ് ഇ. ബെല്ലർബി സ്കൂളിന്റെ ചുമതലയേറ്റു. തിരുവിതാംകൂറിന്റേയും കൊച്ചിയുടേയും വിവിധ ഭാഗങ്ങളിൽ നിന്ന് - പെൺകുട്ടികൾ ഇവിടെ പഠനത്തിനെത്തി. അക്കാലത്ത് ലോവർ സെക്കന്ററി പരീക്ഷകൾ കൊച്ചിയിലായിരുന്നു നടന്നിരുന്നത്. 1911 ൽ റവ. ബെല്ലർബിയും മിസസ് ബെല്ലർബിയും ആരോഗ്യപരമായ കാരണങ്ങളാൽ കോട്ടയം വിട്ടു. ബുക്കാനൻ സ്കൂൾ ചാപ്പൽ മിസസ് ഇതെൽ ബെല്ലർബിയുടെ സ്മരണാർത്ഥം പണിതതാണ്. ഇവർക്കുശേഷം റവ. ഹണ്ടും പത്നിയും സ്കൂൾ ചുമതലകൾ ഏറ്റെടുത്തു. ഈ കാലഘട്ടത്തിൽ സ്കൂളിന്റെ ഇംഗ്ലീഷ് വിഭാഗം നിർത്തലാക്കി മലയാളം മിഡിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. മിസസ് ഹണ്ടിനുശേഷം മിസ് റിച്ചാർഡ് സ്ഥാപനത്തിന്റെ

ചുമതലയേറ്റെടുത്തു. 1893 മുതൽ പ്രൈമറിവിഭാഗത്തിൽ അദ്ധ്യാപകനായി പ്രവർത്തിച്ച കെവി ചാക്കോ 1894 മുതൽ 1926 വരെ പ്രൈമറിവിഭാഗത്തിൽ ഹെഡ് മാസ്റ്ററായി . 1907 മുതലാണ് മിസ് റിച്ചാർഡ് സ്കൂളിൻറെ അധ്യക്ഷയായത് . 1913 മുതൽ പെൺകുട്ടികൾക്ക് വേണ്ടി പ്രത്യേക ക്യാമ്പുകൾ ഇൻസ്റ്റിറ്റ്യൂഷനിൽ നടത്തിയിരുന്നു . ഭവനങ്ങളിലും സമൂഹത്തിലും നല്ല സ്വാധീനം നൽകുവാൻ സ്ത്രീകളെ പ്രാപ്തരാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. 1916 ൽമിസ് ഹില്ലും പള്ളത്ത് എത്തിച്ചേർന്നു 1930 വരെ ഇവർ രണ്ടുപേരും ഒരുമിച്ച് പ്രവർത്തിച്ചു. ട്രെയിനിംഗ് സ്കൂൾ, സ്കൂൾ വിഭാഗം, ബ്രാഞ്ച് സ്കൂളുകൾ എന്ന് മൂന്ന് വിഭാഗങ്ങളാക്കി മൂന്നിന്റേയും ചുമതല വ്യത്യസ്ത വ്യക്തികളെ ഏൽപ്പിച്ചുകൊടുത്ത് മിസ് റിച്ചാർഡാണ്. തുടർന്നുള്ള 16 വർഷങ്ങളിൽ ഇൻസ്റ്റിറ്റൂഷന്റെ ചുമതല വഹിച്ചത് മിസ് റിച്ചാർഡാണ്. ഈ ഈ വനിതകളുടെ സേവന കാലത്ത് സ്കൂളിന് ആവശ്യമായ സ്ഥലം സമ്പാദിക്കുക കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പണം കണ്ടെത്തുക സ്കൂളിൻറെ നടത്തിപ്പിനും അധ്യാപകർക്കും ശമ്പളം നൽകുന്നതിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക ഇവയെല്ലാം പരസഹായമില്ലാതെ നിർവഹിച്ചിരുന്നു വിവിധ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കോമ്പൗണ്ട് എന്നറിയപ്പെടുന്ന സ്ഥലം മുഴുവൻ ഒരു കാലത്ത് മദാമ്മയുടെ കോമ്പൗണ്ട് എന്നാണ് ആളുകൾ പറഞ്ഞിരുന്നത്. 1930 ൽ മിസ് റിച്ചാർഡ് കോട്ടയം വിട്ടു. തുടർന്ന് മിസ്. ഹിൽ ഇൻസ്റ്റിറ്റൂഷന്റെ കാര്യദർശിയായി. ഈ കാലഘട്ടത്തിൽ മുമ്പ് നിർത്തിയ ഇംഗ്ലീഷ് വിഭാഗം വീണ്ടും പ്രവർത്തനമാരംഭിച്ചു. 1943 ലാണ് മടങ്ങിപ്പോയത് പള്ളത്തെ ബോയ്സ് ഹൈസ്കൂളിന്റെയും മാതൃസ്ഥാനം യഥാർത്ഥത്തിൽ മിസ് ഹില്ലിന് അവകാശപ്പെട്ടതാണ് . പള്ളത്തെ ബോയ്സ് സ്കൂൾ എന്നെങ്കിലും ഹൈസ്കൂൾ ആക്കാൻ ഉദ്ദേശിക്കുന്നു എങ്കിൽ ഈ കോമ്പൗണ്ടിലെ ഒരറ്റത്ത് ഒരേക്കർ സ്ഥലം അതിനായി വിട്ടുനൽകണമെന്ന് മിസ് ഹിൽ വിൽപത്രത്തിൽ എഴുതി വെച്ചിട്ടാണ് പോയത് . 1916 മുതൽ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. കെ.വി വർക്കി 1925 ൽ റിട്ടയർ ചെയ്തു . മിസ്. മേരി ജോൺ ചുമതലയേറ്റു (1925-1930). 1945 ൽ സ്കൂൾ ഒരു ഇംഗ്ലീഷ് ഹൈസ്കൂളായി ഉയർത്തി

## അക്കാദമിക നേട്ടങ്ങൾ

- 11 വർഷമായി എസ് എസ് എൽ സി പരീക്ഷയിൽ നൂറുശതമാനം വിജയം.
- അഞ്ച് കുട്ടികൾക്ക് ഗ്രേസ് മാർക്കില്ലാതെ ഫുൾ എപ്ലസ്
- പതിനഞ്ച് കുട്ടികൾക്ക്  ഫുൾ എപ്ലസ് .
- നാലുകുട്ടികൾക്ക് USS സ്കോളർഷിപ്പ് ലഭിച്ചു.
- മാർഷൽ ആട്സിൽ സംസ്ഥാന തലത്തിൽ രണ്ടാം സ്ഥാനം
- ശാസ്ത്ര പ്രവർത്തി പരിചയ ഐടി മേളകളിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും മികച്ച നേട്ടം

## പരിമിതികൾ

ഗണിതലാബ് സാമൂഹ്യശാസ്ത്ര ലാംഗേജ് ലാബ് എന്നിവ ഇല്ല .

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി തുടങ്ങിയ ഭാഷാ വിഷയങ്ങൾ നന്നായി വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് നേടുക
- പൗരബോധവും ജനാധിപത്യം മൂല്യങ്ങളും ഉള്ള കുട്ടികളെ വളർത്തിയെടുക്കുക
- കുട്ടികളിൽ ശാസ്ത്രഅഭിരുചി വളർത്തുക
- കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുക
- പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകി നല്ല വ്യക്തിത്വം ഉള്ളവർ ആക്കി മാറ്റുക
- കല കായിക സാഹിത്യ മേഖലകളിൽ കുട്ടികളുടെ കഴിവുകൾ വളർത്തുക

# ബി ഐ ജിഎച്ച് എസ് പള്ളം

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യു ജില്ല | കോട്ടയം |
| വിദ്യാഭാസ ജില്ല | കോട്ടയം |
| സബ് ജില്ല | കോട്ടയം ഈസ്റ്റ് |
| സ്കൂൾ കോഡ് | 33 070 |
| സ്കൂളിൻ്റെ പേര് | ബി ഐ ജി എച്ച് എസ് പള്ളം |
| മേൽവിലാസം | പള്ളം പി ഒ കോട്ടയം |
| പിൻ കോഡ | 686007 |
| ഫോൺ നമ്പർ | 0481 2430 451 |
| ഇ മെയിൽ | buhanan.girls@gmail.com |
| ക്ലാസുകൾ | 5 മുതൽ 10 വരെ |
| മാനേജ്മെൻറ് | എയ്ഡഡ് |
| പ ഠ ന മാധ്യമം | മലയാളം, ഇംഗ്ലീഷ് |

# Academic Master plan 2025-26

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ 2025-26

1 മലയാളം - ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

2 ഇംഗ്ലീഷ്

3 ശാസ്ത്രം

4 സോഷ്യൽ സയൻസ്

5 ഗണിതം

6 ഹിന്ദി

7 ഐ ടി

8 ലബോറട്ടറി വികസനം ശാസ്ത്രം, ഗണിതം, ഭാഷാ

9 ലൈബ്രറി വികസനം

10 പച്ചക്കറിത്തോട്ടം

11 പഠനയാത്രകൾ

12 ക്ലബ്ബ് പ്രവർത്തനങ്ങൾ

13 സ്കോളർഷിപ്പ് പരിശീലനങ്ങൾ

14 കലാ, കായിക, പ്രവൃത്തിപരിചയ പരിശീലനങ്ങൾ

15 സ്ത്രീ സുരക്ഷ

ഹൈസ്കൂൾ

1 മലയാളം - ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ പ്രവർത്തനങ്ങൾ<br><br>ഭൗതികം<br>പുസ്തകങ്ങൾ, ചിത്രങ്ങൾ | 1. പ്രീടെസ്റ്റ്<br>2 അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4 അക്ഷര കാർഡ് നൽകൽ<br>5 വാക്കുകൾ എഴുതിയ കാർഡ്<br>6 വാക്കുകൾ നിർമ്മിക്കൽ<br>7 വാക്യങ്ങൾ നിർമ്മിക്കൽ<br>8 ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ജൂൺ ജൂലൈകാലം | HS,UP മലയാളം അദ്ധ്യാപകർ, പി.ടി.എ | പി.ടി.എ |
| II കുട്ടിയെ മികച്ച വായനക്കാരനാക്കുക.<br>ഭൗതികം<br>ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി | ക്ലാസ്സ് വായനക്കൂട്ടം<br>സ്കൂൾ ലൈബ്രറി ഉപയോഗം<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>പുസ്തകവായനാനുഭവം.<br>വായനക്കുറിപ്പ്<br>വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം<br>ആനുകാലിക വായന<br>ഇ-വായന | 6 മാസം | HS,UP മലയാളം അദ്ധ്യാപകർ | പി.ടി.എ |

ശാസ്ത്രം

ഉപമേഖല – ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | 1 ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്കു മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു.<br>2 മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>3 ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ അവതരിപ്പിക്കുന്നു. | ജൂലൈ-അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | പിടിഎ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക, പ്രസിദ്ധീകരണം.<br>സയൻസ് ലാബ് ,ഐടി ലാബ് ATAL tinkering lab എന്നിവ ഉപയോഗപ്പെടുത്തൽ | December<br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | പിടിഎ<br>Aumni |
| അന്വേഷണ ത്വഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ | 1.ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക്എത്തിക്കുന്നു.<br>2 പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ ശാസ്ത്ര നാടകങ്ങൾ, വീഡിയോ എന്നിവയിലൂടെ കുട്ടികളിലേക്ക്എത്തിക്കുന്നു<br>3 ജില്ലാ സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്<br>സെമിനാർ, പ്രോജക്ട്, മേള മുതലാവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, | പിടിഎ |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ ഉത്സുകത വർദ്ധിപ്പിക്കൽ | ഫീൽഡ് ട്രിപ്പ്<br>ശാസ്ത്ര ശിൽപ്പശാലകൾ, സെമിനാർ, ATAL Tinkering laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് | സെപ്റ്റംബർ, ഒക്ടോബർ, | ശാസ്ത്ര അധ്യാപകർ, | പിടിഎ |

| | | | | |
|---|---|---|---|---|
| | ഗവേഷണത്തിന് വഴിയൊരുക്കുന്നു | നവംബർ | സയൻസ് ക്ലബ്ബ് | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | 1 ഔഷധത്തോട്ടവും, പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ.<br>2 സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് .<br>3 ഊർജസംരക്ഷണ പരിപാടികൾ - ഊർജസ്വരാജ് | June-December അക്കാദമിക വർഷം ഒക്ടോബർ | seed club ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ്, | പിടിഎ |
| ദിനാചരണങ്ങൾ | പരിസ്ഥിതി ദിനം-<br>ചാന്ദ്ര ദിനം- special assembly,<br>exhibition, competitions- quiz, model making, etc. Video persentaion, Finite Earth Day-awareness talk,pledge<br>APJ Abdul Kalam dinam- essay competion, special assembly<br>കർഷകദിനം<br>ഓസോൺദിനം competitions<br>awareness class<br>ഹൃദയദിനം,<br>energy swaraj ,space week. mole day<br>International Science day<br>Aids day<br>Energy conservation day<br>മണ്ണ് ദിനം<br>തണ്ണീർതടദിനം | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>October<br>November<br>December<br>ഫെബ്രുവരി | | |

മേഖല – സോഷ്യൽ സയൻസ്

അക്കാദമിക മാസ്റ്റർ പ്ലാൻ ---- ഹൈസ്കൂൾ---- സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| 1. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | 1. സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയുള്ള പ്രവർത്തനങ്ങ 2 ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന | ജൂലൈ ആഗസ്റ്റ് അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| ഭൂപട ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | സർവ്വേ, പ്രൊജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം. | സാമൂഹിക ശാസ്ത്ര ക്ലബ്ബ് സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. | അക്കാദമിക വർഷം മുഴുവനും. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| പരിചയപ്പെടുക എന്ന ലക്ഷ്യം. | | | | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം, എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രോജക്റ്റും etc. | അക്കാദമിക വർഷം മുഴുവനും. | | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ് മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets -യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങലെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

## ഗണിതം HS

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | അധ്യാപകർ, |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയിലെ ഉപകരണങ്ങളെ പരിചയപ്പെടുത്തൽ, അവ ഉപയോഗിച്ചുള്ള നിർമ്മിതി | തുടർ പ്രവർത്തനം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 3 | ഗണിത രൂപങ്ങൾ അളവുകൾ പരിചയപ്പെടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ |
| 4 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ചർച്ച | തുടർ പ്രവർത്തനം | അധ്യാപകർ |
| 5 | തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നീ കൂട്ടായ പ്രവർത്തനം | അക്കാദമിക വർഷം, തുടർ പ്രവർത്തനം | അധ്യാപകർ |
| 6 | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജ സ്വലത | ഗണിത ക്ലബ്ബിന്റെ പ്രവ്ര | മാസത്തിൽ | ക്ലബ്ബ് അംഗങ്ങൾ, |

| | | | | |
|---|---|---|---|---|
| | കൈവരിക്കൽ | ത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രപ്തരാക്കൽ | ഒന്ന് | അധ്യാപകർ |
| 7 | ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടു ന്ന പ്രവർ ത്തനങ്ങൾ | അക്കാ ദമിക വർഷം | ഗണിത അധ്യാപകർ, ഐ സി ടി വിദഗ്ദർ |
| 8 | ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | അധിക ക്ലാസ്സുകൾ സംഘടിപ്പിക്കു ന്നു. | തുടർ പ്രവർ ത്തനം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |

മേഖല – ഐ ടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലക്ഷ്യങ്ങൾ<br>സുരക്ഷിതമായി ഇന്റർനെറ്റ് കൈകാര്യം ചെയ്യുന്നതിന് കുട്ടികൾക്കും സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സ് രക്ഷിതാക്കൾക്കും | പ്രവർത്തനങ്ങൾ<br>സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്<br>രക്ഷിതാക്കൾക്ക് സുരക്ഷിത ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സ് | ഓഗസ്റ്റ് | LK | PTA |
| കുട്ടികൾക്ക് റോബോട്ടിക്സിലും ഇലക്ട്രോണിക്സിലും ഉള്ള താല്പര്യം ജനിപ്പിക്കുന്നതിന് | റോബോട്ടിക്സ് ഇലക്ട്രോണിക് വർക്ക് ഷോപ്പ് | ഒക്ടോബർ | teachers | |
| കുട്ടികളുടെ സർഗാത്മകത വിവരസാങ്കേതികവിദ്യയുമായി ബന്ധിപ്പിച്ച് വികസിപ്പിക്കുന്നതിന് | ഷോർട്ട് ഫിലിം നിർമ്മാണം | ഡിസംബർ | LK | |
| ഐടി മേളകളിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നതി | മേളകൾക്ക് വേണ്ടി കുട്ടികളെ പരിശീലിപ്പിക്കൽ | ജൂൺ മുതൽ സെപ്റ്റംബ ർ വരെ | teachers | |
| ഫ്രീ സോഫ്റ്റ്‌വെയർ | ഫ്രീ സോഫ്റ്റ്‌വെയർ | | LK | |

| | | | | |
|---|---|---|---|---|
| ഇൻസ്റ്റലേഷൻ ഡേ | ഇൻസ്റ്റലേഷൻ | | | |
| ഐ.ടി ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ | ഐ.ടി അനുബന്ധ പഠനസാമഗ്രികളുടെ ശേഖരണം, പുതിയവയുടെ നിർമാണം, ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പഠന രീതികളുടെ പരിശീലനം തുടങ്ങിയവ ഉൾപ്പെടുന്നു. | വർഷം മുഴുവൻ | LK, IT teachers | |

## ലബോറട്ടറി വികസനം ശാസ്ത്രം, ഗണിതം, ഭാഷാ

ഉപമേഖല –

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, | ശാസ്ത്രലാബ് നവീകരിക്കൽ | ജൂൺ-ഡിസംബർ | ശാസ്ത്ര അധ്യാപകർ, പിടിഎ | PTA |
| ഗണിതപഠനശേഷി വളർത്താൻ | ഗണിത ലാബ് തയ്യാറാക്കൽ | ഡിസംബർ | ഗണിത അധ്യാപകർ, പിടിഎ | PTA |
| ഇംഗ്ലീഷ് ,ഹിന്ദി സുഗമമായ പഠനത്തിന് | ഭാഷാ ലാബ് തയ്യാറാക്കൽ | ഡിസംബർ | ഇംഗ്ലീഷ് ,ഹിന്ദി അധ്യാപകർ, പിടിഎ | |

## ഉപമേഖല – കലാ, കായിക, പ്രവൃത്തിപരിചയ പരിശീലനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കലാ, കായിക, പ്രവൃത്തിപരിചയശേഷിവളർത്താൻ | കലാ, കായിക, പ്രവൃത്തിപരിചയ പരിശീലനങ്ങൾ | വർഷം മുഴുവൻ | പ്രവൃത്തിപരിചയ അദ്ധ്യാപിക കായിക അദ്ധ്യാപിക | PTA |

ലൈബ്രറി വികസനം

ഉപമേഖല –

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ നൽകാൻ | ലൈബ്രറി വികസനംർ | വർഷം മുഴുവൻ | പ്രവൃത്തിപരിചയ അദ്ധ്യാപിക, ക്ലാസ് അധ്യാപകർ | PTA, Alumni |

പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| കുട്ടികളിൽ കാർഷിക മനോഭാവം വളർത്താൻ | പച്ചക്കറിത്തോട്ടനിർ മ്മാണം, പരിപാലനം | വർഷം മുഴുവൻ | പ്രവൃത്തിപരി ചയ അദ്ധ്യാപിക, seed club, eco club | PTA |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്താൻ | ഔഷധത്തോട്ട നിർ മ്മാണം, പരിപാലനം | വർഷം മുഴുവൻ | seed club, eco club, science club | PTA |

പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|
| കുട്ടികളിൽ സംസ്കാരിക മനോഭാവം വളർത്താൻ, ശാസ്ത്രാഭിരുചി വളർത്താൻ, പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. | ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ<br><br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ, ഒക്ടോബർ | ശാസ്ത്ര, സാമൂഹികശാസ്ത്ര അദ്ധ്യാപകര് ക്ലാസ് അധ്യാപകർ | PTA |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദിനാചരണങ്ങൾ, മത്സരങ്ങൾ | ക്ലബ്ബ് പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | ക്ലബ്ബ് കൺവീനർമാർ | PTA |

## സ്കോളർഷിപ്പ് പരിശീലനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| USS, NMMS തുടങ്ങിയവയ്ക്ക് കുട്ടിയെ പ്രപ്തനാക്കുന്നതിന് | | JULY- | ശാസ്ത്ര, സാമൂഹികശാസ്ത്ര, ഗണിത അദ്ധ്യാപകര് | PTA |

## സ്ത്രീ സുരക്ഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ആരോഗ്യ ശീലങ്ങൾ പരിചയിപ്പിക്കാൻ, സുരക്ഷ ഉറപ്പാക്കാൻ | കങ്ഫു, കരാട്ടേ പരിശീലനം, കൗൺസിലിംഗ് ക്ലാസ്സുകൾ | വർഷം മുഴുവൻ | ഹെൽത്ത് ക്ലബ്ബ് അദ്ധ്യാപിക | PTA |

മേഖല യു പി വിഭാഗം

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ലക്ഷ്യം<br>അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | പ്രവർത്തനങ്ങൾ<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നമ്പർ കാർഡ്നമ്പർ പാറ്റേൺ മുതലായവ | June | ഗണിത അധ്യപകർ | പിടിഎ |
| 2 ലക്ഷ്യം<br>ഗണിതത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | പ്രവർത്തനങ്ങൾ<br>ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | കാലം<br>ആഴ്ചയിൽ രണ്ടുദിവസം | ഗണിത അധ്യപകർ | |
| 3 ലക്ഷ്യം<br>ഗണിതത്തിൽ താൽപര്യം ജനിപ്പിക്കൽ | പ്രവർത്തനം<br>വ്യത്യസ്ത ഗണിത പാറ്റേൺ ചാർട്ടിൽ വരപ്പിക്കുന്നു | കാലം<br>മാസത്തിൽ ഒരുതവണ | ഗണിത അധ്യപകർ | |
| 4 ലക്ഷ്യം<br>രസകരമായ ഗണിതശാസ്ത്ര പഠനം | പ്രവർത്തനം<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുന്നു | കാലം<br>മാസത്തിൽ ഒന്ന് | ഗണിത അധ്യപകർ | |
| 5 ലക്ഷ്യം<br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | പ്രവർത്തനം<br>ഐസിടി സാധ്യതകളുടെ ജാമിതീയ രൂപങ്ങൾ ചതുഷ്ക്കിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊ | കാലം<br>അക്കാദമിക വർഷം | ചുമതല<br>ഗണിത അധ്യാപിക | പിടിഎ |

| | | | | |
|---|---|---|---|---|
| | ണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു | | | |

## യു പി വിഭാഗം മേഖല സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട്<br>കളിയിൽനിന്ന് കാര്യത്തിലേക്ക്- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നത് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു | June | സാമൂഹികശാസ്ത്ര അധ്യാപിക | പിടിഎ |
| 2) ലക്ഷ്യം<br><br>പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field Trip<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിന് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു | കാലം<br>അക്കാദമിക വർഷ ആരംഭം | സാമൂഹികശാസ്ത്ര അധ്യാപിക | |
| 3 ലക്ഷ്യം<br>ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | പ്രവർത്തനം<br>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br><br>ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | കാലം<br><br>അക്കാദമിക വർഷാരംഭം | ചുമതല<br><br>സാമൂഹികശാസ്ത്ര അധ്യാപിക | |
| 4.ലക്ഷ്യം<br>പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രവർത്തനം<br>പ്രകൃതി താണ്ഡവം നേർക്കാഴ്ച ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും | കാലം<br>അക്കാദമിക വർഷാരംഭം | ചുമതല<br><br>സാമൂഹിക ശാസ്ത്ര അധ്യാപിക | പിടിഎ |

| | | | | |
|---|---|---|---|---|
| | അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | | | |
| 5. ലക്ഷ്യം<br><br>സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രവർത്തനം<br><br>നന്മയുടെ നറുങ്ങുവെട്ടം പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവ്യയശീലത്തിൻറെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാ മിഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു | കാലം<br><br>അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപിക. | |
| 6. ലക്ഷ്യം<br><br>വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ച് ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | പ്രവർത്തനം<br><br>ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം<br><br>സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | കാലം<br><br>അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപിക. | |
| 7. ലക്ഷ്യം<br><br>സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | പ്രവർത്തനം<br><br>കാട് എവിടെ മക്കളെ<br><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻറെ ഇടപെടലുകൾക്ക് വിധേയമായ | കാലം<br><br>അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| | കാവുകൾ കാട്ടുകൾ കണ്ണീർ തടങ്ങൾ ജലാശയങ്ങൾ കാട്ടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | | | |
| 8 .ലക്ഷ്യം<br>സാമൂഹികശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പ്രവർത്തനം<br>പുതുചക്രവാളത്തിലേക്ക് സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാർത്ഥിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം ഉണർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ട് എന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | കാലം<br>അക്കാദമിക വർഷം | സാമൂഹികശാസ്ത്ര അധ്യാപിക | പിടിഎ |

മേഖല യു പി അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവ വൈവിധ്യ പാർക്ക് ഔഷധ തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, നക്ഷത്ര വന നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് ,ഇക്കോ ക്ലബ് | പിടിഎ |
| 2. ലക്ഷ്യം - കുട്ടികളിൽ പരീക്ഷണ നിരീക്ഷണ താലന്തുകൾ വർധിപ്പിക്കാൻ പ്രവർത്തനങ്ങൾ | പരീക്ഷണ കളരി<br>നിത്യജീവിതത്തിൽ ഉപയോഗപ്രദമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണ കിറ്റുകൾ ഉണ്ടാക്കാൻ കുട്ടികളെ ഒരുക്കുന്നു | ജൂൺ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | പിടിഎ |
| 3. ലക്ഷ്യം - ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു .<br>പുതിയ കണ്ടെത്തലുകൾ , ശാസ്ത്ര സത്യങ്ങളുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, | പിടിഎ |

| | | | | |
|---|---|---|---|---|
| 4. ലക്ഷ്യം - ശാസ്ത്ര പ്രകിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് കുട്ടികളിൽ വർധിപ്പിക്കുക പ്രവർത്തനത്തനങ്ങൾ | ശാസ്ത്രോത്സവം ആധുനിക ലോകത്തെ വിവിധ കണ്ടെത്തുലുകളെ ബന്ധപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുക | സെപ്റ്റംബർ, ഒക്ടോബർ | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | പിടിഎ |

## യു പി മലയാളം -

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ലക്ഷ്യം - ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | ഭാഷകേളി:അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ,ആസ്വാദനം എന്നിവ ഉറപ്പ് വരുത്തുന്നു. | കാലം - ജൂൺ,ജൂലൈ മാസങ്ങൾ | മലയാളം അദ്ധ്യാപകർ | പി.ടി.എ |
| 2 ലക്ഷ്യം - ആശയസംവാദം നടത്താനും പദസമ്പത്ത് വളർത്തുവാനും പഠിതാക്കളെ പ്രാപ്തരാക്കുക. | 2.വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് : അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ, ജൂലൈ മാസങ്ങൾ | HS,UP മലയാള ം അദ്ധ്യാപകർ | പി.ടി.എ |
| 3 ലക്ഷ്യം - പഠിതാവിൽ അർഥപൂർണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക് : പത്രം പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | കാലം - പ്രതിമാസം | ചുമതല - മലയാളം അധ്യാപകർ | |
| 4.ലക്ഷ്യം - മാനക ഭാഷയെക്കുറിച്ച് കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ വിദ്യാർഥിക്ക് കഴിയുന്നു. | വാർത്തവായന : നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | കാലം - പ്രതിമാസം | ചുമതല - മലയാളം അധ്യാപകർ | |
| 5. ലക്ഷ്യം - പ്രധാനപ്പെട്ട ദിനങ്ങളെ കൂടുതൽ മനസ്സിലാക്കുന്നതിനും അറിവ് വർദ്ധിപ്പിക്കുന്നതിനും. | ക്വിസ് മത്സരം : ദിനാചരണങ്ങളോട് അനുബന്ധിച്ച് ക്വിസ് നടത്തുന്നു.കുട്ടികളുടെ അറിവുകൾ വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിക്കും. | വർഷത്തിൽ 4 തവണ | ചുമതല - മലയാളം അധ്യാപകർ | |

യു പി വിഭാഗം

മേഖല – ഇംഗ്ലീഷ്

| Aim | Activities | period | responsibility | finance |
| --- | --- | --- | --- | --- |
| To encourage listening and speaking | Introduce different genres. Enhance vocabulary. Enhance listening skills | June, July | English teachers | |
| To encourage Reading, develop basic reading, writing, listening and speaking skills | Group discussions and role plays to improve speaking skills | June, July | English teachers | English club |
| To develop writing skills<br><br>Introduce grammatical concepts such as parts of speech, tenses and sentence structure, punctuation and grammar<br>Expand vocabulary through reading and interactive activities | Debates and presentations for advanced speaking practice<br><br>Improve sentence structure<br>Interactive grammar games<br>Worksheets on parts of speech, punctuation, and sentence types | August - December<br><br>January _February | English teachers | English club |
| Language games,puzzles and activities | To create their own poems, stories, dictionary etc and present it to the class<br>Integrate language games and activities to reinforce vocabulary, grammar,and language skills in an engaging way | Throughout the year | English teachers | English club |
| 4)Aim<br><br>Parent involvement | Development at home, including book recommendations, reading strategies, and language enrichment activities<br><br>Encourage parents with expertise in English language teaching, literacy | Throughout the year | English teachers, PTA | English club |